പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2968 — 02.04.2013 - ൽ മറുപടിക്ക്

## അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുന്നതിന് ലോകബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) & (ബി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്ക് ലോകബാങ്ക് ധനസഹായമായി 216 മില്ല്യൺ യു.എസ്.ഡോളർ (1166 കോടി രൂപ) ലഭിക്കുന്നതിന് ധാരണ യായിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ തുക 2005 കോടി രൂപയാണ്. ബാക്കി തുക സംസ്ഥാന സർക്കാർ ചെലവഴിക്കുന്നതാണ്. |
| (സി) എത്ര കിലോമീറ്റർ റോഡാണ് അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (സി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി 362.90 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാണ് അപ്ഗ്രേഡ് ചെയ്യുന്നത്. റോഡുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു:-<br>1. പിലാത്തറ – പാപ്പിനിശ്ശേരി റോഡ് - 20.90 കി.മീ.<br>2. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.<br>3. തലശ്ശേരി – വളവുപാറ റോഡ് - 53.12 കി.മീ. |

4. ചെങ്ങന്നൂർ- ഏറ്റുമാന്നൂർ
-മൂവാറ്റുപുഴ റോഡ് - 87.90 കി.മീ.

5. പുനലൂർ-പൊൻകുന്നം-തൊടുപുഴ
റോഡ് - 132.22 കി.മീ.

6. പെരുമ്പിലാവ് -പട്ടാമ്പി
-പെരിന്തൽമണ്ണ റോഡ്
– 41 .00 കി.മീ.

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

(ഡി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിപ്പെട്ട കാസർഗോഡ് - കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തലശ്ശേരി-വളവുപാറ എന്നീ റോഡുകളുടെ കരാർ ഉറപ്പിച്ചു കഴിഞ്ഞു. ഈ റോഡുകളുടെ എഗ്രിമെന്റ് ഒപ്പ് വച്ച് 2013 ഏപ്രിൽ അവസാനത്തോടെ ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. 2013 ഏപ്രിൽ ആദ്യ വാരത്തോടെ ചെങ്ങന്നൂർ- ഏറ്റുമാന്നൂർ - മൂവാറ്റുപുഴ റോഡിന്റെ ടെണ്ടർ ക്ഷണിക്കുന്നതാണ്. പുനലൂർ-പൊൻകുന്നം - തോടുപുഴ റോഡിന്റെ വിശദമായ എസ്റ്റിമേറ്റ് പൂർത്തിയായി വരുകയാണ്. ഇത് പൂർത്തിയായാൽ ഉടനെ ഈ റോഡിന്റെ ടെണ്ടർ വിളിക്കുന്നതാണ്. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിക്കുവാനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ